സബ്സ്റ്റേഷനിൽ 16 എം.വി.എ. കെ. വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് അവിടെ നിന്നും 33 കെ. വി. ലൈൻ വലിച്ച് കണ്ണനല്ലൂർ റോഡിൽ നിന്നും 5 എം.വി.എ. 33 കെ. വി. ട്രാൻസ്ഫോർമറുകൾ വീതം സ്ഥാപിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആദിച്ച നല്ലൂർ കണക്ഷൻ, കണ്ണനല്ലൂർ എന്നിവിടങ്ങൾ തെരഞ്ഞെടുത്ത് ഭൂമിയുടെ വില കൂടുതലായതുകൊണ്ട് പൊന്നുംവിലയ്ക്ക് വസ്തു വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കൊട്ടിയം സബ്സ്റ്റേഷനിൽ നിന്നും പരവൂരിലേക്ക് 33 കെ. വി. ലൈൻ വലിക്കുന്നതിനുള്ള സർവ്വേ നടന്നുക്കൊണ്ടിരിക്കുന്നു. കൊട്ടിയത്തുനിന്നും മാലക്കായൽ വഴി പരവൂരിലേക്ക് 11 കെ. വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനം സാങ്കേതിക കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(26) കുളപ്പുള്ളി-പട്ടാമ്പി-പൊന്നാനി റോഡ് പുനർനിർമ്മാണം

ശ്രീ. സി. പി. മുഹമ്മദ്: സർ, ലോക ബാങ്ക് സഹായത്തോടെ പാലക്കാട്-കുളപ്പുള്ളി റോഡിന്റെ പുനർ നിർമ്മാണ ജോലികൾ ആരംഭിച്ചിരിക്കെ പൊന്നാനി-പാലക്കാട് റോഡിന്റെ 2-ാം ഭാഗമായതും ഏറ്റവും ഗതാഗത തിരക്കുള്ളതുമായ കുളപ്പുള്ളി-പട്ടാമ്പി-പൊന്നാനി റോഡിന്റെ നിർമ്മാണ പ്രവൃത്തി ഉടനെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, പാലക്കാട്-പൊന്നാനി റോഡ് കിലോമീറ്റർ 0/00 മുതൽ 76/500 വരെ പാലക്കാട് ജില്ലയിൽ വരുന്നു. അതിൽ കിലോമീറ്റർ 0/00 മുതൽ 45/300 വരെയുള്ള ഭാഗം KSTP ഏറ്റെടുത്ത് പുനരുദ്ധാരണ ജോലി ആരംഭിച്ചിട്ടുണ്ട്. 45/300 മുതൽ 56/500 വരെയുള്ള റോഡിൽ പുനരുദ്ധാരണ പണികൾക്കുള്ള പ്രൊപ്പോസൽ ഒന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല. എന്നാൽ പട്ടാമ്പി, പൊന്നാനി റോഡിൽ 56/500 മുതൽ 66/300 വരെയുള്ള ഭാഗം KSTP-യുടെ രണ്ടാം ഘട്ട പണികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പണികൾ ചെയ്യാൻ ഉദ്ദേശിക്കുന്നു. ബാക്കി ഭാഗത്തെ പുനരുദ്ധാരണ പണികളൊന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല.

(27) സർക്കാർ ജീവനക്കാർക്ക് പണിമുടക്കാൻ അവകാശമില്ലെന്ന സുപ്രീം കോടതി വിധി

ശ്രീ. ടി. കെ. ബാലൻ: സർ, ഇപ്പോൾ സർക്കാർ ജീവനക്കാർക്ക് ധാർമ്മികമായോ നിയമപരമായോ പണിമുടക്കാൻ അവകാശമില്ല എന്നുള്ള സുപ്രീം കോടതിയുടെ വിധി വന്നിരിക്കുകയാണ്. ഇത് 65 ലക്ഷത്തോളം വരുന്ന സംസ്ഥാന ജീവനക്കാരെ മാത്രമല്ല 35 ലക്ഷത്തോളം വരുന്ന കേന്ദ്ര ഗവൺമെന്റ് ജീവനക്കാരേയും മറ്റ് തൊഴിലാളികളേയും പൊതുമേഖലയിലുള്ള ജീവനക്കാരേയും ബാധിക്കുന്നതാണ്. അടിയന്തിരമായും കേരളത്തിന്റെ ഉത്ക്കണ്ഠ കേന്ദ്രത്തെ അറിയിച്ച് ഇതിനു നിയമപരമായി പരിഹാരം ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേണ്ട നടപടികൾ കൈക്കൊള്ളണം. അറ്റോർണി ജനറൽ സൊറാബ്ജി പോലും ഇതിനെതിരെ പരസ്യമായി പ്രതികരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സർക്കാർ ജീവനക്കാർക്ക് പണി മുടക്കാൻ അവകാശമില്ലെന്ന സുപ്രീം കോടതി വിധിയെ സംബന്ധിച്ച് മാധ്യമങ്ങളിൽ നിന്നും ലഭിച്ച അറിവേ ഗവൺമെന്റിനിപ്പോൾ ഉള്ളൂ. കോടതിവിധിയുടെ പകർപ്പു ലഭിച്ചുകഴിഞ്ഞാലേ ഇക്കാര്യത്തിൽ ആധികാരികമായി എന്തെങ്കിലും പറയാൻ കഴിയൂ. വിധിയുടെ പകർപ്പു കിട്ടിയതിനുശേഷം നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

(28) മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിലെ ഒഴിവുകൾ

ശ്രീ. എ. പി. അനിൽകുമാർ: സർ, മലപ്പുറം ജില്ലയിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ മാത്രം നൂറിലധികം ക്ലറിക്കൽ പോസ്റ്റുകളുടെ ഒഴിവുകൾ ഉള്ളതുകൊണ്ട് വില്ലേജ് ഓഫീസുകളിൽനിന്നും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടെ കിട്ടാൻ സാധാരണക്കാരനു വലിയ പ്രയാസം അനുഭവപ്പെടുന്നു. താലൂക്ക് ഓഫീസുകളിലും ജില്ലാ കളക്ടറേറ്റുകളിൽപോലും അതിന്റെ പ്രയാസം ജനങ്ങൾ അനുഭവിക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഒഴിവുകൾ നികത്താൻ ആവശ്യമായ നിർദ്ദേശം നൽകുകയും ക്ലറിക്കൽ പോസ്റ്റിന്റെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ആളുകളെ പോസ്റ്റു ചെയ്യിപ്പിച്ചുകൊണ്ട് ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിതന്നെയാണ്. എട്ടുപേരെ എടുത്തുകഴിഞ്ഞു. 100 വേക്കൻസികൾ മലപ്പുറം ജില്ലയിൽ വില്ലേജ് ഓഫീസറുടേതുണ്ട്. പി. എസ്. സി. റിക്രൂട്ട് ചെയ്ത എട്ടു പേരെ എടുത്തുകഴിഞ്ഞു. ജലവിഭവ വകുപ്പിൽ കൂടുതലായി കണ്ടിട്ടുള്ള പോസ്റ്റുകൾ ഉണ്ട്, അവിടെ നിന്നും 92 പേരെ പുനർ വിന്യാസം നടത്തി ഈ വേക്കൻസികൾ നികത്തുന്നതിനുള്ള നപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

(29) കേരളാ സ്പോർട്സ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ്

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, തെരഞ്ഞെടുക്കപ്പെട്ട കേരളാ സ്പോർട്സ് കൗൺസിലിന്റെ ഭരണ കാലാവധി അവസാനിച്ചു. K.S.C.-ക്ക് ഇപ്പോൾ നാഥനില്ലാത്ത അവസ്ഥയാണ്. കായികരംഗത്ത് ഒരുപാട് സ്വപ്നങ്ങൾ ഉണ്ടെന്നു കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സ്പോർട്സ് രംഗത്ത് മഹത്തായ സംഭാവനകൾ ചെയ്ത സ്ഥാപനമാണ് K.S.C. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സംവിധാനം ഇല്ലാതാകുന്നത് കേരളാ സ്പോർട്സ് കൗൺസിലിന്റെ ചരിത്രത്തിൽ അപൂർവ്വമാണ്. അടിയന്തിരമായി തെരഞ്ഞെടുപ്പു നടത്തി KSC-ക്ക് ഒരു നാഥനുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, സ്പോർട്സ് ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തി ഈ നിയമസഭയിൽ തന്നെ പാസ്സാക്കാൻ സാധിക്കുമെന്നായിരുന്നു സർക്കാരിന്റെ ധാരണ. എന്നാൽ അപ്രതീക്ഷിതമായി,

LIBRARY ARCHIVES Kerala Legislative Assembly